# THE HIGH COURT OF KERALA

Phone: 0484 2562465
Fax: 0484 2562451

Kochi-682 031
Dated-19/08/2017

C4-74000/2017

## OFFICIAL MEMORANDUM

Sub: Exclusion of the undeserving from the food security priority list-Government Circular- Regarding.

Ref:- Government Circular No.FCS-B3/258/2017/FCS Department, dated 05/08/2017.

A copy of the Government Circular cited is forwarded herewith to all the District Judges and the Chief Judicial Magistrates for information and necessary action. They shall also bring the contents of the Circular to the notice of the employees working under their administrative control.

(By Order)

Encl: As above

P.R.Mini
Deputy Registrar

To

1. All the District Judges.
2. All the Chief Judicial Magistrates.
3. The IT Section, High Court( for publishing in the High Court website).

*Note:- Reply, if any, shall be addressed to the Registrar (Subordinate Judiciary) or can also be sent to Fax No. shown above*

A

0074000

16 AUG 2017
ERNAKULAM

കേരള സർക്കാർ

ഭക്ഷ്യ പൊതുവിതരണ (ബി) വകുപ്പ്

നം.ഭ.പൊ.വി.വ-ബി3/258/2017-ഭ.പൊ.വി.വ

തിരുവനന്തപുരം,
തീയതി :05.08.17

## സർക്കുലർ

വിഷയം : ഭക്ഷ്യപൊതുവിതരണ(ബി)വകുപ്പ് - ദേശീയഭക്ഷ്യ ഭദ്രതാ നിയമം, 2013 - അനുശാസിക്കുന്ന മുൻഗണനാപട്ടികയിൽ നിന്നും അനർഹരെ ഒഴിവാക്കുന്നത് സംബന്ധിച്ച്.

ദേശീയഭക്ഷ്യ ഭദ്രതാനിയമം അനുശാസിക്കുന്ന പ്രകാരം കേരള സംസ്ഥാനത്ത് ഭക്ഷ്യ പൊതുവിതരണ വകുപ്പ് മുൻഗണനാ/മുൻഗണനേതര വിഭാഗങ്ങളുടെ ലിസ്റ്റ് പ്രസിദ്ധീകരിച്ച് ആക്ഷേപങ്ങളും പരാതികളും പരിഹരിച്ച് പുതിയ റേഷൻകാർഡ് വിതരണം നടത്തി വരികയാണ്. മുൻഗണനാ പട്ടികയിൽ നിരവധി അനർഹർ കടന്നു കൂടിയിട്ടുണ്ടെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ട സാഹചര്യത്തിൽ ചുവടെ ചേർക്കുന്ന നിർദ്ദേശങ്ങൾ ഉടനടി പ്രാബല്യത്തിൽ വരുത്തേണ്ടതാണ്.

(1) സംസ്ഥാനത്തെ എല്ലാ സർക്കാർ / അർദ്ധസർക്കാർ ജീവനക്കാർ, അദ്ധ്യാപകർ, പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർ, യൂണിവേഴ്സിറ്റി ജീവനക്കാർ, സംസ്ഥാന-ജില്ലാ-പ്രാഥമിക സഹകരണ സംഘങ്ങളിലെ ജീവനക്കാർ, ദേശസാൽകൃത / ഷെഡ്യൂൾഡ് ബാങ്ക് ജീവനക്കാർ, സർക്കാർ നിയന്ത്രണത്തിലുള്ള കോർപ്പറേഷനുകൾ, ലിമിറ്റഡ് കമ്പനികൾ എന്നിവയിലെ ജീവനക്കാർ അവരവരുടെ പേര് ഉൾപ്പെട്ട റേഷൻ കാർഡുകൾ ഡ്രോയിംഗ് & ഡിസ്ബേഴ്സിംഗ് ഓഫീസർ മുഖേന 2017 ആഗസ്റ്റ് 20 ന് മുമ്പ് പരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്. മതിയായ കാരണമില്ലാതെ റേഷൻ കാർഡ് ഹാജരാക്കാത്ത ജീവനക്കാർക്കെതിരെ വകുപ്പ് അദ്ധ്യക്ഷന്മാർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

(2) ജോലിക്കാര്യം മറച്ച് വച്ചും, അനധികൃതമായോ മുൻഗണനാപട്ടികയിൽ കടന്നു കൂടിയ ജീവനക്കാരുടെ വിവരം റേഷൻ കാർഡ് നമ്പർ സഹിതം ഡ്രോയിംഗ് & ഡിസ്ബേഴ്സിംഗ് ഓഫീസർ ബന്ധപ്പെട്ട താലൂക്ക് സപ്ലൈ ഓഫീസർമാർക്ക് 2017 ആഗസ്റ്റ് 30 ന് മുമ്പായി റിപ്പോർട്ടായി നൽകേണ്ടതാണ്.

(3) റേഷൻകാർഡ് സംബന്ധിച്ചും /റേഷൻ കാർഡ് ഇല്ലെങ്കിൽ ആ കാര്യം സംബന്ധിച്ചും ഉള്ള ജീവനക്കാരുടെ സത്യവാങ്മൂലം വാങ്ങി പരിശോധനയ്ക്കായി ബന്ധപ്പെട്ട താലൂക്ക് സപ്ലൈ ഓഫീസർമാർക്ക് ഡിസ്ബേഴ്സിംഗ് ഓഫീസർ നൽകേണ്ടതാണ്.

(4) സംസ്ഥാനത്ത് പെൻഷൻ / ഫാമിലി പെൻഷൻ കൈപ്പറ്റുന്നവരുടെ റേഷൻ കാർഡുകൾ ബന്ധപ്പെട്ട ട്രഷറി / ബാങ്ക് ഉദ്യോഗസ്ഥർ പരിശോധിക്കേണ്ടതും, മുൻഗണനാ പട്ടികയിൽ കടന്നുകൂടിയവരുടെ വിവരം റേഷൻ കാർഡ് നമ്പർ സഹിതം ബന്ധപ്പെട്ട താലൂക്ക് സപ്ലൈ ഓഫീസർമാർക്ക് റിപ്പോർട്ട് ചെയ്യേണ്ടതുമാണ്. സംസ്ഥാനത്ത് ഏതെങ്കിലും റേഷൻ കാർഡിൽ പേര് ഉൾപ്പെട്ടിട്ടില്ലാത്തവരിൽ നിന്നും സത്യവാങ്മൂലം ഉൾപ്പെടെ അന്വേഷണത്തിനായി ബന്ധപ്പെട്ട താലൂക്ക് സപ്ലൈ ഓഫീസർമാർക്ക് നൽകേണ്ടതാണ്

(5) സംസ്ഥാന, ജില്ലാ, പ്രാഥമിക സഹകരണ സംഘങ്ങളിലെ ജീവനക്കാരുടെയും പെൻഷണർമാരുടെയും റേഷൻകാർഡുകൾ ബന്ധപ്പെട്ട സഹകരണ സ്ഥാപനങ്ങളിലെ സെക്രട്ടറിമാർ പരിശോധിക്കേണ്ടതും മുകളിൽ പരാമർശിച്ച പ്രകാരമുള്ള ഇതര നടപടി സ്വീകരിക്കേണ്ടതുമാണ് എന്ന് സഹകരണ രജിസ്ട്രാർ തന്റെ കീഴിലുള്ള എല്ലാ സഹകരണ സ്ഥാപനങ്ങളെയും അറിയിക്കേണ്ടതാണ്.

(6) കേരളത്തിലെ എല്ലാ സർവ്വകലാശാലകളുടെയും രജിസ്ട്രാർമാർ ഇക്കാര്യത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

(7) എല്ലാ പൊതുമേഖല/ഷെഡ്യൂൾഡ് ബാങ്ക് അധികാരികളും ബാങ്കിൽ നിന്ന് ശമ്പളം/പെൻഷൻ വാങ്ങുന്നവരെ ഇത് സംബന്ധിച്ച് ബോധവത്ക്കരിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

നളിനി നെറ്റോ
ചീഫ് സെക്രട്ടറി

അക്കൗണ്ടന്റ് ജനറൽ (A&E), തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (Audit) തിരുവനന്തപുരം